"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയിൽ പുതിയ ബസ് സ്റ്റാന്റ് യാർഡ് & ടോയിലറ്റ് ഫെസിലിറ്റി എന്നിവ നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ചുമതലപ്പെടുത്തി നിർവഹിക്കുന്നതിനും ഹഡ്കോയിൽ നിന്ന് 4.5 കോടി രൂപ വായ്പയെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1621/2024/LSGD    തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-

1. സ.ഉ (എം.എസ് ) നം. 147/2009/ത.സ്വ.ഭ.വ തീയതി 29-7-2009
2. പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 23/05/2022, 10/11/2023, 04/01/2024,07/03/2024 എന്നീ തീയതികളിലെ തീരുമാനങ്ങൾ
3. കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24/01/2024 ലെ LSGD/JD/KNR/712/2024-A7 നമ്പർ കത്ത്
4. ഹഡ്കോയിൽ നിന്നും ലഭിച്ച 22.02.2024 ലെ HUDCO/TRO/21561/2023-24/944 സമ്മതപത്രം
5. പയ്യന്നൂർ നഗരസഭ സെക്രട്ടറിയുടെ 5/1/24,27/02/2024 ലെ ഇ2-17390/15 നമ്പർ സമ്മതപത്രം
6. പയ്യന്നൂർ നഗരസസഭാ സെക്രട്ടറിയുടെ 19/03/2024ലെ ഇ2-17390/2015 നമ്പർ കത്ത്
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 17/05/2024 ലെ LSGD/PD/6881/2024-DPLD4 നമ്പർ കത്ത്

**ഉത്തരവ്**

പയ്യന്നൂർ നഗരസഭയിൽ പയ്യന്നൂർ അംശം കൊക്കാനിശ്ശേരി ദേശം റീസർവെ നമ്പർ 248 ൽ പെട്ട 3.50 ഏക്കർ സ്ഥലത്ത് പുതിയ ബസ് സ്റ്റാന്റ് യാർഡ് & ടോയിലറ്റ് ഫെസിലിറ്റി എന്നിവ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 4.5 കോടി രൂപ (നാലര കോടി രൂപ) വായ്പയെടുക്കുന്നതിന് പരാമർശം (2) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിലും, വായ്പ തിരിച്ചടവിൽ നഗരസഭ വീഴ്ച വരുത്തുകയാണെങ്കിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ഹഡ്കോ ലിമിറ്റഡിന് അനുവദിക്കുന്നതിന് സമ്മതമാണെന്ന്

പരാമർശം (5) പ്രകാരം പയ്യന്നൂർ നഗരസഭ സെക്രട്ടറിയെ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും,
നഗരസഭയ്ക്ക് പ്രസ്തുത ലോൺ 9.40 % വാർഷിക പലിശനിരക്കിൽ അനുവദിക്കാവുന്നതാണെന്ന പരാമർശം (4) പ്രകാരമുള്ള ഹഡ്കോയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (1 ) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും,ലോൺ തിരിച്ചടവിന്റെ കണക്കുകളുടെയും പദ്ധതിയിൽ നിന്നുള്ള വരുമാനം , തനതു ഫണ്ട് സംബന്ധിച്ച വിശദമായ റിപ്പോർട്ട് , പ്രസ്തുത ബസ് സ്റ്റാന്റ് യാർഡ് & ടോയിലറ്റ് ഫെസിലിറ്റി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തി നിർവഹിക്കുന്നതിനും,ഹഡ്കോയിൽ നിന്ന് 4.5 കോടി രൂപ സർക്കാർ തീരുമാനത്തിന് വിധേയമായി വായ്പയെടുക്കുന്നതിന് പയ്യന്നൂർ നഗരസഭയ്ക്ക് അനുവാദം നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി .

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ നിബന്ധകൾക്കും വിധേയമായും, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ പ്രവർത്തി നിർവഹണത്തിന് ചുമതലപ്പെടുത്തിയും ,കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയിൽ ബസ് സ്റ്റാന്റ് യാർഡ് & ടോയിലറ്റ് ഫെസിലിറ്റി എന്നിവയുടെ നിർമ്മാണത്തിന് 4.5 കോടി (നാലര കോടി രൂപ) രൂപ, വായ്പ തിരിച്ചടവിൽ നഗരസഭ വീഴ്ച വരുത്തുകയാണെങ്കിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ഹഡ്കോ ലിമിറ്റഡിന് അനുവദിക്കുന്നതാണെന്ന വ്യവസ്ഥയിലും ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിന് പയ്യന്നൂർ നഗരസഭയ്ക്ക് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പയ്യന്നൂർ നഗരസഭ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
കരുതൽ ഫയൽ(ഡി.ബി1/248/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 04-09-2024 10:49:41